പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, 21-6-2004 ലെ ത്രികക്ഷി കരാർ പ്രകാരമാണ് ആറളം ഫാം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായത്. 3060 ഏക്കറിൽ പകുതി സ്ഥലം ഭൂരഹിത ആദിവാസികളുടെ വിതരണത്തിനും ബാക്കി പകുതി ഫാമായി നിലനിർത്താനുമാണ് നിശ്ചയിച്ചത്. 4-6-2010-ലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ ഉടമസ്ഥതയിലുള്ള ഒരു കമ്പനിയായി ആറളം ഫാമിംഗ് കോർപ്പറേഷൻ കേരള ലിമിറ്റഡ് എന്ന പേരിൽ രജിസ്റ്റർ ചെയ്തു. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമാണ് ഇപ്പോൾ ആറളം ഫാം. എന്നാൽ സ്റ്റേറ്റ് അഗ്രികൾച്ചർ ഫാമിലെ തൊഴിലാളികൾക്ക് ശമ്പള പരിഷ്കരണം അനുവദിച്ച് കൃഷി വകുപ്പ് ഇറക്കിയ സർക്കാർ ഉത്തരവ് പ്രകാരമുള്ള ശമ്പള പരിഷ്കരണം തങ്ങൾക്കും വേണമെന്ന ആവശ്യം ഉന്നയിച്ച് ഫാമിലെ തൊഴിലാളികൾ സമരത്തിന് നോട്ടീസ് നൽകിയിരുന്നു. തുടർന്ന് 19-11-2009-ൽ കണ്ണൂർ ജില്ലാ കളക്ടർ യൂണിയനുകളുമായി നടത്തിയ ചർച്ചയിൽ കൃഷി വകുപ്പ് നടപ്പിലാക്കിയ ശമ്പള പരിഷ്കരണം അനുസരിച്ച് 1-1-2006 മുതൽ പ്രാബല്യത്തോടുകൂടി തൊഴിലാളികൾക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കണമെന്ന് സർക്കാരിന് ശിപാർശ നൽകി. തുടർന്ന് സർക്കാർ ചർച്ച നടത്തി 5-3-2010-ന് സംസ്ഥാന സർക്കാരും യൂണിയനുകളും തമ്മിൽ കരാറാവുകയും 1-1-2010 മുതൽ പ്രാബല്യത്തോടുകൂടി ശമ്പള പരിഷ്കരണം നടപ്പിലാക്കാൻ ധാരണയുമായി. പൊതുമേഖലാ സ്ഥാപനങ്ങളിലെ ശമ്പള പരിഷ്കരണം ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്സും ധനകാര്യ വകുപ്പും അംഗീകരിച്ചുമാത്രമേ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ എന്നതിനാൽ അവയുടെ പരിശോധനകൾ ഇപ്പോൾ പൂർത്തിയായിക്കഴിഞ്ഞു. അടുത്ത ഒരാഴ്ചയ്ക്കകം ഇതുസംബന്ധിച്ച അന്തിമ ഉത്തരവ് മന്ത്രിസഭാ അംഗീകാരത്തോടുകൂടി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. യൂണിയനുകളുമായി ഇതു സംബന്ധിച്ചുണ്ടാക്കിയിട്ടുള്ള കരാർ പരിപൂർണ്ണമായി ഗവൺമെന്റ് നടപ്പിലാക്കും.

(6) രണ്ട് രൂപ നിരക്കിൽ അരി ലഭ്യമാക്കുന്ന പദ്ധതി

ശ്രീ. എ. എ. അസീസ്: സർ, പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികൾക്ക് രണ്ട് രൂപയ്ക്ക് അരി നൽകുന്ന ഗവൺമെന്റ് നയം നടപ്പിലാക്കിയ കൂട്ടത്തിൽ ആ ഉത്തരവിൽ വന്ന ഒരു വ്യക്തത ഇല്ലായ്മമൂലം പരമ്പരാഗത വ്യവസായ തൊഴിലാളികൾ എന്നത് തൊഴിലെടുക്കുന്നവർക്കു മാത്രമായി പരിമിതപ്പെടുത്തുകയും പെൻഷനേഴ്സിന് ഇല്ലാതാകുകയും ചെയ്യുന്ന ഒരു സ്ഥിതി വിശേഷം സംജാതമായിരിക്കുകയാണ്. കശുവണ്ടി തൊഴിലാളി, കയർ തൊഴിലാളി, കൈത്തറി തൊഴിലാളി, മത്സ്യത്തൊഴിലാളി തുടങ്ങിയ അനേകായിരം ആളുകൾ ക്ഷേമനിധിയിൽനിന്നും പെൻഷൻ പറ്റി വീടുകളിൽ കഴിയുന്നവരാണ്. യഥാർത്ഥത്തിൽ തൊഴിലുള്ളവരേക്കാൾ അർഹരായവരാണ് തൊഴിലില്ലാത്തവർ. എന്നാൽ തൊഴിലില്ലാത്ത തൊഴിലാളികൾക്ക് രണ്ടു രൂപയ്ക്ക് അരി ലഭിക്കുന്നില്ല, പെൻഷനേഴ്സിന് ലഭിക്കുന്നില്ല. അതിന് ആ ഉത്തരവിൽ ഒരു വ്യക്തത ഉണ്ടാകണമെന്നുള്ളതാണ് ആവശ്യം. അതോടൊപ്പം മറ്റൊരു കാര്യംകൂടി ഞാൻ ഉന്നയിച്ചിട്ടുണ്ട്. എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട ഒരു കാര്യമാണ്. മാവേലി സ്റ്റോറിലെ കമ്പ്യൂട്ടർ വാങ്ങുന്നതിലുള്ള വില നിർണ്ണയത്തെ സംബന്ധിച്ചാണ്. പഞ്ചായത്ത് വകുപ്പിൽനിന്ന് 40,000 രൂപയുടെ കമ്പ്യൂട്ടറുകൾ വാങ്ങണമെന്നും പറയുന്നു. സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും അമ്പതിനായിരം രൂപയുടെ കമ്പ്യൂട്ടർ വാങ്ങണമെന്നും പറയുന്നു. അതിനൊരു വ്യക്തത ഉണ്ടാവണം.

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): ബഹുമാനപ്പെട്ട അംഗം ശ്രീ. എ. എ. അസീസ് ഉന്നയിച്ചത് വളരെ അനുഭാവപൂർവ്വം പരിഗണിക്കേണ്ട ഒരു വിഷയമാണ്. 25-5-2010-ലെ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ സർക്കാർ, പൊതുമേഖല, സഹകരണ, അദ്ധ്യ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ, പെൻഷൻകാർ, ഒരേക്കറിൽ കൂടുതൽ ഭൂമിയുള്ളവർ എന്നിവരെയാണ് ഈ പദ്ധതിയുടെ ആനുകൂല്യത്തിൽനിന്ന് ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ തൊഴിലാളികളെ പോലെ പരമ്പരാഗത വ്യവസായങ്ങളിൽനിന്ന് പിരിഞ്ഞ് ക്ഷേമനിധി പെൻഷൻ വാങ്ങുന്നവർ ഉൾപ്പെടെ അസംഘടിത മേഖലയിലെ പെൻഷൻപ്പറ്റി പിരിഞ്ഞ എല്ലാ മുൻ തൊഴിലാളികൾക്കും പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുണ്ടെന്ന് ഗവൺമെന്റ് കാണുന്നു. അവർക്കുകൂടി പ്രസ്തുത ആനുകൂല്യം നടപ്പിലാക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുന്നതായിരിക്കും. രണ്ടാമത്തെ കാര്യം, ഒരു ക്രിസ്തുമസ് സമ്മാനമായിട്ട് കമ്പ്യൂട്ടർ വാങ്ങുന്നതിന് അമ്പതിനായിരം രൂപ എന്നുള്ളത് നാൽപ്പതിനായിരം രൂപയാക്കി ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കാൻ പോകുകയാണ്. മൂന്നു കൊല്ലം വാടക എന്നുള്ളത് രണ്ടു കൊല്ലം വാടകയാക്കി തീരുമാനിച്ചിട്ടുണ്ട്.

(7) കേരള കോ-ഓപ്പറേറ്റീവ് പെൻഷനേഴ്സ് അസോസ്സിയേഷൻ നടത്തുന്ന സെക്രട്ടേറിയറ്റ് ധർണ്ണ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ സംഘടിതമാക്കി വളർത്താൻ ശ്രമിച്ച ആദ്യകാല സഹകരണ വകുപ്പിലെ ജീവനക്കാർ മിക്കവാറും ഇന്ന് പെൻഷണർമാരായി മാറി. ദീർഘമായ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ അവർക്ക് പെൻഷൻ ലഭ്യമാക്കിയെങ്കിലും അതിൽ ഇപ്പോഴും അപാകതകൾ, ഡിസ്പാരിറ്റീസുണ്ട്. അതുകൊണ്ട് വൺ റാങ്ക് വൺ പെൻഷൻ എന്ന ആവശ്യം അവർ ഉന്നയിച്ചിരിക്കുകയാണ്. അവരുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് ചെയ്യാൻ ഒരു കമ്മീഷനെ നിയമിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി അവരുടെ സംസ്ഥാന സമ്മേളനത്തിൽ സമ്മതിച്ചിട്ടുണ്ട്. ആറു മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാമെന്ന് പറഞ്ഞിട്ട് മാസങ്ങൾ കുറേ കഴിഞ്ഞു. ഇതുവരെ കമ്മിറ്റി തന്നെ ഫലപ്രദമായി ഫംഗ്ഷൻ ചെയ്തിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്. അതുപോലെ പെൻഷൻ ബോർഡ്. അതിൽ ഒമ്പത് പ്രതിനിധികൾ ആദ്യം ഉണ്ടായിരുന്നു. അത് പതിനഞ്ചായി വർദ്ധിപ്പിച്ചു. ആരെ ഉദ്ദേശിച്ചാണോ ഈ സ്കീം ഉണ്ടാക്കിയത്, അതിന്റെ ഗുണഭോക്താക്കളായ പെൻഷൻകാരുടെ പ്രതിനിധികളെ അതിൽ ഉൾപ്പെടുത്തിയില്ല എന്ന ആവശ്യം അവർ ഉന്നയിച്ചു. പ്രതിനിധികളുടെ എണ്ണം 9 എന്നുള്ളത് 15 ആക്കിയിട്ടും പെൻഷൻ ബോർഡിൽ ഇവർക്ക് പ്രാതിനിധ്യം കൊടുത്തില്ല എന്നത് ന്യായീകരിക്കപ്പെടാത്ത ഒരു കാര്യമാണ്. അതുപോലെ ശമ്പള പരിഷ്കരണം വേണം. പെൻഷൻ ചട്ടങ്ങൾ കാലോചിതമായി മാറണം. മാന്യമായി ജീവിക്കാനുള്ള ചുരുങ്ങിയ പെൻഷൻ 2500 രൂപയായി നിജപ്പെടുത്തണം. ഫാമിലി പെൻഷൻ വോളന്ററി റിട്ടയർമെന്റ് വാങ്ങിയ ആളുകൾക്കുകൂടി കൊടുക്കണം. തുടങ്ങിയ ന്യായമായ, മിതമായ ആവശ്യം മുന്നിൽവച്ചുകൊണ്ട് കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് സർവ്വീസ് മെൻ അസോസ്സിയേഷൻ ഇന്ന് സെക്രട്ടേറിയറ്റ് പടിക്കൽ ഒരു ധർണ്ണ നടത്തുകയാണ്. അതുസംബന്ധിച്ച വിശദമായ നോട്ടീസ് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് കാരുണ്യപൂർവ്വം ഈ പ്രശ്നങ്ങൾ പരിഗണിക്കണമെന്ന ഒരു അഭ്യർത്ഥനയാണ് സഹകരണ വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly